# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പത്ത്

## രക്ഷാനായകൻ

## (2)

രക്ഷാനായകൻ എന്ന വിഷയത്തിന് മറ്റൊരു ദൂതുകൂടി നമുക്ക് ആവശ്യമാണ്. ഇത് ഒരു വലിയ വിഷയമാണ്. രക്ഷാനായകൻ നമ്മെ തേജസ്സിലേക്കു നയിക്കുന്നവനാണ്. നായകനെ മനസ്സിലാക്കുന്നതിനോട് അനുബന്ധിച്ച് പ്രശ്നമൊന്നുമില്ല; പ്രയാസം തേജസ്സിന്റെ അർഥം മനസ്സിലാക്കുന്നതിലാണ്. കഴിഞ്ഞ ദൂതിൽ നാം തേജസ്സിനെക്കുറിച്ചു സംസാരിച്ചുവെങ്കിലും, വേദപുസ്തകത്തിലുള്ള തേജസ്സിന്റെ യഥാർഥ അർഥത്തെക്കുറിച്ച് നമ്മിൽ അനേകർക്കും വ്യക്തതയില്ലാത്തതുകൊണ്ട്, ഈ ദൂതിൽ തേജസ്സിനെക്കുറിച്ച് അടിസ്ഥാനപരമായി ചിലതു പറയുവാൻ എനിക്ക് ഭാരമുണ്ട്.

### തേജസ്സ് — ആവിഷ്കരിക്കപ്പെട്ട ദൈവം

വേദപുസ്തകത്തിൽ തേജസ്സ് ആവിഷ്കരിക്കപ്പെട്ട ദൈവമാണ്. ദൈവം ആവിഷ്കരിക്കപ്പെടുമ്പോഴെല്ലാം അത് തേജസ്സാണ്. എന്നാൽ ദൈവം മറഞ്ഞിരിക്കുകയും, മറയ്ക്കപ്പെട്ടിരിക്കുകയും ചെയ്യുമ്പോഴൊന്നും തേജസ്സില്ല. ദൈവം കാണപ്പെടുമ്പോൾ തേജസ്സുണ്ട്. ദൈവത്തിന്റെ തേജസ്സു കാണാതെ നിങ്ങൾക്കൊരിക്കലും ദൈവത്തെ കാണുവാൻ കഴിയില്ല. അദൃശ്യനായ ദൈവം ദൈവമായിരിക്കുമ്പോൾ, കാണപ്പെടുന്ന ദൈവം തേജസ്സാണ്. യിസ്രായേൽമക്കൾ മിസ്രയീമിൽനിന്നും നല്ലദേശത്തേക്ക് യാത്ര ചെയ്തപ്പോൾ അവർ തേജസ്സു കണ്ടു (പുറ. 13:21). പകൽസമയം ദൈവം മേഘമായി കാണപ്പെടുകയും രാത്രിസമയം അവൻ അഗ്നിത്തൂണായി കാണപ്പെടുകയും ചെയ്തു — അതായിരുന്നു തേജസ്സ്. വചനം ദൈവമായിരുന്നുവെന്നും, വചനം ജഡമായിത്തീരുകയും നമ്മുടെ ഇടയിൽ വസിക്കുകയും, നാമെല്ലാവരും അവന്റെ തേജസ്സ് കാണുകയും ചെയ്തു എന്ന്

യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു (യോഹ. 1:1, 14). യോഹന്നാൻ 1:18 പറയുന്നു, "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ പ്രഖ്യാപിച്ചിരിക്കുന്നു" (പ്രത്യുദ്ധാര ഭാഷ്യം). ദൈവത്തെ പ്രഖ്യാപിക്കുന്നതിൽ തേജസ്സുണ്ട്. നാം ദൈവത്തെ കാണുമ്പോൾ നാം തേജസ്സു കാണുന്നു.

## ദൈവത്തിന്റെ സംഘാത ആവിഷ്കാരം

തേജസ്സിനെക്കുറിച്ചുള്ള ഈ ഗ്രാഹ്യത്തെ അടിസ്ഥാനമാക്കി, നാം ചോദിച്ചേക്കാം, എന്താണ് ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യം എന്ന്? ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യം സംഘാതമായ ഒരു രീതിയിൽ അവനെത്തന്നെ ആവിഷ്കരിക്കുകയാണ്. നിങ്ങൾ വെളിപ്പാട് പുസ്തകം ശ്രദ്ധാപൂർവം വായിക്കുന്നുവെങ്കിൽ, പുതിയ യെരൂശലേം എന്ന നഗരം മുഴുവനും ദൈവത്തിന്റെ തേജസ്സ് വഹിക്കുന്നുവെന്നു നിങ്ങൾ കാണും (വെളി 21:10-11). ഇതിനർഥം മുഴുവൻ നഗരവും ദൈവത്തിന്റെ സംഘാത ആവിഷ്കാരമായിരിക്കും എന്നാണ്. പുതിയ യെരൂശലേമിൽ, ദൈവം കുഞ്ഞാടിലും, കുഞ്ഞാട്, ദൈവം അവനിലും അവനിലൂടെയും വെളിച്ചമായി പ്രകാശിക്കുന്ന, വിളക്കും ആകുന്നു (വെളി 21:23, യവനപദം). ഒടുവിൽ, സൂര്യകാന്തം കൊണ്ടുണ്ടാക്കിയ നഗര മതിലിലൂടെ പ്രകാശിക്കുന്ന ഈ വെളിച്ചം പളുങ്കുപോലെ തെളിഞ്ഞതും ദൈവത്തിന്റെ സ്വരൂപത്തെ ആവിഷ്കരിക്കുന്നതുമാണ്. എന്താണ് തേജസ്സെന്ന് നിങ്ങൾ എന്നോടു ചോദിച്ചാൽ, അതാണ് തേജസ്സെന്ന് ഞാൻ പറയും. തേജസ്സിലേക്ക് കൊണ്ടുവരികയെന്നാൽ ദൈവത്തിന്റെ തേജോമയമായ ആവിഷ്കാരത്തിലേക്ക് കൊണ്ടുവരിക എന്നാണ്.

പുതിയ വിശ്വാസികളിൽ അനേകർക്കും ഈ വിഷയത്തിൽ പരിചയമില്ലാത്തതിനാൽ വെളിപ്പാടിലെ വാക്യങ്ങൾ കൂടുതൽ ശ്രദ്ധാപൂർവം നമുക്കു പരിശോധിക്കാം. പുതിയ യെരൂശലേമിനെക്കുറിച്ചുള്ള ഒരു വിവരണം തരുന്ന വെളിപ്പാട്21:10-11 ഇങ്ങനെ പറയുന്നു, "ദൈവതേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടികസ്വച്ഛമായ സൂര്യകാന്തംപോലെ ആയിരുന്നു." അതേ അധ്യായത്തിലെ വാക്യം 18 പറയുന്നു: "അതിന്റെ മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു." നഗരത്തിന്റെ മതിൽ മുഴുവൻ ദൈവത്തിന്റെ സ്വരൂപം ആവിഷ്കരിക്കുന്ന സൂര്യകാന്തംകൊണ്ട് നിർമിച്ചതാണ്. നിങ്ങൾ വെളിപ്പാട് 4:3 വായിക്കുന്നുവെങ്കിൽ, സിംഹാസനത്തിൽ ഇരിക്കുന്നവനായ ദൈവത്തിന് സൂര്യകാന്തത്തിന്റെ കാഴ്ച ഉണ്ടെന്ന് നിങ്ങൾ കാണും: "ഇരിക്കുന്നവൻ കാഴ്ചയ്ക്ക് സൂര്യകാന്തത്തോട് സദൃശനായിരുന്നു."

ദൈവത്തിന്റെ കാഴ്ച സൂര്യകാന്തത്തിനു സദൃശവും, നഗര മതിൽ ദൈവത്തിന്റെ അതേ കാഴ്ച ആവിഷ്കരിക്കുന്ന സൂര്യകാന്തംകൊണ്ട് നിർമിച്ചിരിക്കുന്നതുമാണ്. ഇതാണ് നഗരം വഹിക്കുന്ന തേജസ്സ്. ഇങ്ങനെയുള്ള ഒരു തേജസ്സ് വസ്തുനിഷ്ഠമായ തിളക്കമോ ശോഭയോ അല്ല. ഇവിടെയുള്ള തേജസ്സ് ആവിഷ്കരിക്കപ്പെട്ട ദിവ്യ യാഥാർഥ്യമാണ്. സംഘാത ശരീരത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന ദിവ്യ യാഥാർഥ്യമാണ് തേജസ്സ്. ഈ തേജസ്സിലേക്കാണ് നാം പ്രവേശിക്കുവാൻ പോകുന്നത്. നാം പ്രവേശിക്കുന്ന തേജസ്സ് വസ്തുനിഷ്ഠമായ തിളക്കമോ ശോഭയോ അല്ല; അതു ദൈവം തന്നെ നമ്മിൽനിന്നും നമ്മിലൂടെയും നമ്മിൽനിന്ന് പുറത്തേക്കും പ്രകാശിക്കുന്നതാണ്.

പുതിയ യെരൂശലേമിൽ എവിടെയാണ് തേജസ്സുള്ളത്? അത് നഗരത്തിന്റെ മധ്യഭാഗത്ത്, ഹൃദയഭാഗത്താണ്. തേജസ്സിന്റെ ഉറവിടമായ ദൈവം പുതിയ യെരൂശലേമിന്റെ മധ്യത്തിൽ സിംഹാസനത്തിൽ ഇരിക്കുന്നു. സിംഹാസനത്തിലിരിക്കുന്ന ദൈവം തേജസ്സിന്റെ സാരാംശവും സത്തയും മൂലകവുമാണ്. വെളിപ്പാട് 21-ൽ ആ തേജസ്സിനെ പ്രകാശം എന്നു വിളിക്കുന്നു (വെളി 21:23). ആ പ്രകാശം സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുംപോലെ പ്രകൃതിദത്തമായ പ്രകാശമോ വിളക്കുപോലെ മനുഷ്യനിർമിത പ്രകാശമോ അല്ല. അത് ദൈവംതന്നെയായ ദിവ്യ പ്രകാശമാണ്. ഇതാണ് തേജസ്സിന്റെ ഉറവിടം. വെളിച്ചമായ ദൈവം വിളക്കായ കുഞ്ഞാടിലും കുഞ്ഞാടിലൂടെയും പ്രകാശിക്കുകയും, ഒടുവിൽ നഗരത്തെ ദൈവത്തിന്റെതന്നെ കാഴ്ച വഹിക്കുമാറാക്കിക്കൊണ്ട് മുഴുവൻ നഗരത്തിലും പ്രകാശിക്കുന്നു. നാം പുതിയ യെരൂശലേമിനെ നോക്കുമ്പോൾ, ദൈവത്തിന്റെ കാഴ്ചയുടെ ആവിഷ്കാരം, സൂര്യകാന്തത്തിലൂടെ പ്രകാശിക്കുന്ന വിളക്കിലുള്ള വെളിച്ചം നാം കാണുന്നു. ഇതാണ് തേജസ്സ്. തേജസ്സെന്നത് തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലൂടെ ആവിഷ്കരിക്കപ്പെടുന്ന ദൈവമാണ്. ഓ, യഥാർഥത്തിൽ ഈ തേജസ്സ് എന്താണെന്ന് നാമെല്ലാവരും കാണേണ്ടത് എത്ര അനിവാര്യമാണ്!

ഈ ദൂതുകളിൽ നദി മുറിച്ചുകടക്കുന്നതിനെക്കുറിച്ച് വളരെയധികം ഞങ്ങൾസംസാരിച്ചു. നാം തേജസ്സിന്റെ ഭാഗത്തേക്ക്, തേജസ്സിന്റെ മേഖലയിലേക്ക് നദി കടന്നുപോകണം. എന്നാൽ ഇത് ഭൗതികമായ അർഥത്തിൽ നാം തേജസ്സിൽ പ്രവേശിക്കുകയും തങ്ക വീഥികളിൽ നടക്കുകയും ചെയ്യും എന്ന് അർഥമാക്കുന്നില്ല. അല്ല, ദൈവത്തെയും അവന്റെ നിത്യമായ ഉദ്ദേശ്യത്തെയും സംബന്ധിച്ച കാര്യങ്ങൾ വളരെ നിഗൂഢവും ആത്മികവും ദിവ്യവുമാണ്, ഒരു മനുഷ്യ വാക്കിനും അതിനെ പര്യാപ്തമാംവണ്ണം വിവരിക്കുവാനും ഒരു മനുഷ്യ മനസ്സിനും അവയെ വേണ്ടത്ര മനസ്സിലാക്കുവാനും കഴിയില്ല. ഇതു

നിമിത്തം, ദിവ്യ യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നതിന് വേദപുസ്തകം അടയാളങ്ങൾ ഉപയോഗിക്കുന്നു. ക്രിസ്തു കുഞ്ഞാടാണെന്ന് വേദപുസ്തകം പറയുമ്പോൾ, തീർച്ചയായും അതിനർഥം അവൻ അക്ഷരാർഥത്തിൽ നാലു കാലുകളും ഒരു വാലുമുള്ള ഒരു കുഞ്ഞാടെന്നല്ല. ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാടാണെന്ന് വേദപുസ്തകം പറയുമ്പോൾ (യോഹ. 1:29), ദിവ്യ വീണ്ടെടുപ്പിനെയാണ് അത് പരാമർശിക്കുന്നത്.

മൊത്തമായി, വേദപുസ്തകം വെളിപ്പെടുത്തുന്നത് ദിവ്യനായ, സർവശക്തനും മാർമികനുമായ ദൈവത്തിന് ഒരു സംഘാത ജനത്തിലൂടെ ഒരു പൂർണാവിഷ്ക്കാരം വേണമെന്നാണ്. ഈ ഉദ്ദേശ്യത്തിനുവേണ്ടി, അവൻ ആകാശവും ഭൂമിയും ഉൾപ്പെടുന്ന, പ്രപഞ്ചത്തെ സൃഷ്ടിച്ചു. ഈ ഉദ്ദേശ്യത്തിനുവേണ്ടി, ദൈവത്തെ ഉൾക്കൊള്ളുവാനും, ദൈവത്താൽ നിറയുവാനും, ദൈവത്താൽ ജീവിക്കുവാനും, ദൈവത്തെ ആവിഷ്കരിക്കുന്നതിനായി ദൈവത്താൽ തന്റെ ആളത്തം ആയിരിക്കുവാനും ഒരു സംഘാത അസ്തിത്വമായി മനുഷ്യനെ പ്രത്യേകമായും സവിശേഷമായും സൃഷ്ടിച്ചു. ഒടുവിൽ, ഈ സംഘാത മനുഷ്യൻ ദൈവത്തിന്റെ സംഘാതാവിഷ്ക്കാരമായ പുതിയ യെരൂശലേം ആയിരിക്കും. ഈ സംഘാത മനുഷ്യന് കേന്ദ്രമായും, സാരാംശമായും, സത്തയായും, ഉള്ളടക്കമായും, ജീവനും സകലവുമായി ദൈവം അവിടെ ഉണ്ടായിരിക്കും. ദൈവം അവിടെ പ്രകാശിക്കുകയായി രിക്കും. ഈ സംഘാത മനുഷ്യന്റെ ഉള്ളിൽനിന്നും, ഈ സംഘാത മനുഷ്യനിലൂടെയും ദൈവം പ്രകാശിക്കും. ദൈവത്തിന്റെ തേജസ്സ് അവിടെ ഉണ്ടായിരിക്കുകയും, ഈ സംഘാത മനുഷ്യന്റെ എല്ലാ അംഗങ്ങളും ആ തേജസ്സിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യും.

നമ്മെ കൊണ്ടുവന്നുകൊണ്ടിരിക്കുന്ന തേജസ്സിന്റെ അർഥം ഗ്രഹിക്കുവാൻ നാം ഇപ്പോൾ പ്രാപ്തരാണ്. ഈ തേജസ്സ് കേവലം വസ്തുനിഷ്ഠമായി പ്രകാശിക്കുന്നതല്ല; അത് ദൈവം സ്വയം ആവിഷ്ക രിക്കപ്പെടുന്നതാണ്. ദൈവം തന്നെ നമ്മിലേക്കു വരുമ്പോൾ അവൻ ജീവനാണ്; അവൻ നമ്മിൽ പ്രവർത്തിക്കുമ്പോൾ അവൻ പ്രകാശമാണ്; അവൻ നമ്മിൽ ആവിഷ്കരിക്കുമ്പോൾ അവൻ തേജസ്സാണ്. ഇതാണ് ദൈവത്തിന്റെ നിത്യമായ ലക്ഷ്യം, അതിലേക്ക് അവൻ നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. ദൈവം സ്വയം ആവിഷ്കരിക്കപ്പെടുന്ന തേജസ്സിന്റെ മേഖലയിലേക്ക് ദൈവം നമ്മെ ഇപ്പോൾ കൊണ്ടുവരുന്നു.

## നദി മുറിച്ചുകടക്കേണ്ട ആവശ്യം

ഇങ്ങനെയുള്ള ഒരു ഇംഗിതത്തോടും ഉദ്ദേശ്യത്തോടുംകൂടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെങ്കിലും മനുഷ്യൻ നശിപ്പി ക്കപ്പെടുകയും ദുഷിപ്പിക്കപ്പെടുകയും ചെയ്തു. ഒരർഥത്തിൽ,

നശിപ്പിക്കപ്പെട്ട മനുഷ്യവർഗ്ഗം വിഗ്രഹാരാധനയുടെ ദേശമായ ബാബിലോണെന്ന കൽദയയായിത്തീർന്നിരിക്കുന്നു. വേദപുസ്തകം പലപ്പോഴും ദേശങ്ങളെയും നഗരങ്ങളെയും മനുഷ്യനെ പ്രതീകവൽക്കരിക്കുന്ന പ്രതിരൂപങ്ങളായി ഉപയോഗിക്കുന്നു. അതിനാൽ വിഗ്രഹാരാധനയാൽ നിറഞ്ഞ നശിപ്പിക്കപ്പെട്ടവനും ദുഷിപ്പിക്കപ്പെട്ടവനുമായ മനുഷ്യനെ കൽദയയും ബാബിലോണും സൂചിപ്പിക്കുന്നു. മനുഷ്യൻ വീണുപോയതിനാൽ, ദുഷിച്ചുപോയ ദേശത്തിൽനിന്നും ഉയർന്ന, പുതിയ ദേശത്തിലേക്ക്, അതായത്, ഉയർന്ന, പുതിയ മനുഷ്യവർഗ്ഗത്തിലേക്ക് നദി മുറിച്ചുകടക്കേണ്ടതിന്റെ ആവശ്യമുണ്ട്. അങ്ങനെ ദൈവം കടന്നുവരികയും അബ്രാഹാമിനെ വിളിക്കപ്പെട്ട ജാതിയുടെ തലവനും പിതാവുമാക്കിക്കൊണ്ട് ആ നശിച്ച മനുഷ്യവർഗ്ഗത്തിൽനിന്ന്, അതായത് കൽദയയിൽനിന്ന് പുറത്തേക്കു വിളിക്കുകയും ചെയ്തു. അബ്രാഹാം നദി മുറിച്ചുകടക്കുകയും ആദ്യത്തെ എബ്രായൻ, ആദ്യത്തെ നദി മുറിച്ചുകടക്കുന്നവൻ ആയിത്തീരുകയും ചെയ്തു. അബ്രാഹാമിന്റെ നദി മുറിച്ചുകടക്കലും പുതിയ ദേശത്തേക്കുള്ള പ്രവേശനവും സൂചിപ്പിച്ചത്, തന്റെ ആവിഷ്കാരമായിരിക്കുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന ഉയർത്തപ്പെട്ട, പുതിയ, മനുഷ്യവർഗ്ഗത്തിലേക്കുള്ള അവന്റെ പ്രവേശനത്തെയാണ്.

## നദി മുറിച്ചുകടക്കുന്നതിന്റെ ലക്ഷ്യം

ദൈവത്തിന്റെ ആവിഷ്കാരം ഭൂമിയിലെ അവന്റെ നിവാസമായ അവന്റെ ആലയത്താൽ പ്രതീകവൽക്കരിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരു നിവാസം നേടുന്നതായിരുന്നു അബ്രാഹാമിനെ വിളിച്ചതിലുള്ള ദൈവത്തിന്റെ ഇംഗിതം. അബ്രാഹാമിനെ വിളിച്ചത് ക്രമേണ ദൈവത്തിന്റെ നിവാസം ഉളവാകുന്നതിനുവേണ്ടി, പണിയുന്നതിനുവേണ്ടി, ആയിരുന്നു. ഇതൊരു ചെറിയ കാര്യമല്ല. അബ്രാഹാം, യിസ്ഹാക്, യാക്കോബ്, മോശെ തുടങ്ങിയ ചില വ്യക്തികളെ മാത്രം പരിഗണിക്കാതെ നാം വേദപുസ്തകത്തെയും അതിലെ ആളുകളെയും മൊത്തമായി നോക്കണം. അബ്രാഹാമിനെ വിളിക്കുന്നതിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു? അബ്രാഹാമിന്റെ എല്ലാ സന്തതികളും ഭൂമിയിൽ ദൈവത്തിന്റെ ഒരു നിവാസമായി പണിയപ്പെടണം എന്നതായിരുന്നു അവന്റെ ഉദ്ദേശ്യം. ആത്യന്തികമായി, അബ്രാഹാമിനെ വിളിച്ചതിന്റെ ഫലം ആലയമായിരുന്നു. നദി മുറിച്ചുകടക്കുന്നത് ആലയത്തിന്റെ നിർമാണത്തിനു വേണ്ടിയായിരുന്നു. എന്താണ് ആലയം പണിയുന്നതിന്റെ പ്രാധാന്യം? അത് ദൈവത്തിന്റെ സംഘാത ആവിഷ്കാരമാണ്. ദൈവത്തിന്റെ നിവാസമായ ആലയം ഭൂമിയിൽ ദൈവത്തിന്റെ സംഘാത ആവിഷ്കാരമാണ്. ആലയം ദൈവതേജസ്സുകൊണ്ടു നിറഞ്ഞു (1 രാജാ. 8:10-11). ശലോമോന്റെ

വാഴ്ചക്കാലത്ത് ആലയം പണിതു തീർന്നപ്പോൾ ഷെക്കീനാ തേജസ്സ് അതിനെ നിറച്ചു. അക്കാലത്ത് യിസ്രായേൽമക്കളെല്ലാം തേജസ്സിലേക്കു കൊണ്ടുവരപ്പെട്ടു. ഭൗതികമായ ആലയം യിസ്രായേൽജനത്തെ സൂചിപ്പിച്ചു. ഭൂമിയിലുള്ള ദൈവത്തിന്റെ നിവാസം കല്ലുകൊണ്ടു നിർമിച്ച ഒരു വീടായിരുന്നില്ല. അത് ഒരു പ്രതീകം മാത്രമായിരുന്നു. അക്കാലത്ത് ഭൂമിയിലുള്ള ദൈവത്തിന്റെ യഥാർഥ നിവാസം യിസ്രായേൽജനമായിരുന്നു. ദൈവത്തിന്റെ തേജസ്സ് ആലയത്തെ നിറച്ചപ്പോൾ, ദൈവത്തിന്റെ തേജസ്സ് യിസ്രായേൽമക്കളെ നിറച്ചുവെന്ന് അതു സൂചിപ്പിച്ചു. യിസ്രായേൽമക്കൾ തേജസ്സിലേക്കു കൊണ്ടുവരപ്പെട്ടു. ഇതാണ് നദി മുറിച്ചുകടക്കുന്നതിന്റെ യഥാർഥ ലക്ഷ്യം, ഒരു എബ്രായനായിരിക്കുന്നതിന്റെ യഥാർഥ ലക്ഷ്യം.

## നദി മുറിച്ചുകടക്കുന്നതിന്റെ അർഥം

ബൈബിളിന്റെ അന്തസ്സാരം നിങ്ങൾക്കറിയാമെങ്കിൽ, ദൈവത്തിന്റെ ജനത്തിനു മുറിച്ചുകടക്കുവാൻ എല്ലായിടത്തും ഒരു നദിയുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കും. ഞാൻ നേരത്തേ പറഞ്ഞതുപോലെ, തൊട്ടി എന്ന നിൽക്കുന്ന ഒരു നദി, കൂടാരത്തിന്റെ മുമ്പിൽ ഉണ്ടായിരുന്നു (പുറ. 40:30-32). ഒരു പുരോഹിതന് ദൈവസന്നിധിയിലേക്കു വരേണ്ട ആവശ്യമുള്ളപ്പോഴെല്ലാം അവൻ ആ ചെറിയ നദി കടക്കണമായിരുന്നു. പുരോഹിതന്മാർ ഒരിക്കൽ മാത്രം അവരെ കഴുകിയാൽ മതിയായിരുന്നു എന്നു പറയുന്നത് പരിഹാസ്യമായിരിക്കും. പുരോഹിതന്മാർ എത്ര പ്രാവശ്യം കഴുകേണ്ടി വന്നു? അത് അവർ എത്ര പ്രാവശ്യം ദൈവസന്നിധിയിലേക്കു പോയി എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ, നാം ഒന്നിലധികം പ്രാവശ്യം കഴുകപ്പെടേണ്ട ആവശ്യമുണ്ട്. നാം എത്ര പ്രാവശ്യം കഴുകപ്പെടണം? നാം അഴുക്കാകുമ്പോഴെല്ലാം. കഴുകുകയെന്നാൽ കേവലം നദി മുറിച്ചുകടക്കുകയെന്നാണ്. നാം കണ്ണാടിക്കടലിന്മേൽ എത്തുന്നതുവരെ ഈ കഴുകൽ അവസാനിക്കുകയില്ല (വെളി. 15:2-3). നാം പുതിയ യെരൂശലേമിലേക്കു പ്രവേശിക്കുമ്പോൾ അവിടെ പൊടി ഉണ്ടായിരിക്കുകയില്ല, സ്വർണവും, മുത്തും, വിലയേറിയ കല്ലുകളും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവിടെ നാം ഇനി ഒരിക്കലും അഴുക്കുള്ളവരായിരിക്കുകയില്ല. പുതിയ യെരൂശലേമിന്റെ മുമ്പിൽ തൊട്ടിയോ, കണ്ണാടിക്കടലോ ഉണ്ടായിരിക്കുകയില്ല. എന്നാൽ അവിടെ തീപ്പൊയ്ക ഉണ്ടായിരിക്കുകയും, കഴുകിക്കളയപ്പെട്ടതെല്ലാം അവിടേക്കു പോകുകയും ചെയ്യും. നദി മുറിച്ചുകടക്കുകയെന്നതിന്റെ അർഥമെന്താണെന്ന് ഇപ്പോൾ നാം മനസ്സിലാക്കുന്നു: അത് പഴയതായ ഏതിൽനിന്നും, നശിച്ചതായ ഏതിൽനിന്നും, ദൈവത്തിന്റെ തേജസ്സുമായി യോജിക്കാത്ത ഏതിൽനിന്നും നമ്മെ കഴുകുന്നതാണ്.

നദി മുറിച്ചുകടക്കുവാൻ അബ്രാഹാം വിളിക്കപ്പെട്ടു. പ്രാരംഭത്തിലെ ആ ഒരു നദി മുറിച്ചുകടന്നതിനുശേഷം എത്ര മുറിച്ചു കടക്കലുകൾ പിന്നീടുണ്ടായി? ഒന്നാമത്, ചെങ്കടൽ കടക്കുകയും, രണ്ടാമത് യോർദ്ദാൻനദി മുറിച്ചുകടക്കുകയും ചെയ്തു. ചെങ്കടൽ മുറിച്ചുകടക്കുന്ന സമയത്ത് മിസ്രയീം സൈന്യം അടക്കപ്പെട്ടു (പുറ. 14:28). യോർദ്ദാൻനദിക്കടിയിൽ എന്തിനെയായിരുന്നു അടക്കം ചെയ്തത്? സ്വയത്തെ. യിസ്രായേൽമക്കൾ യോർദ്ദാൻനദി കടന്നപ്പോൾ പഴയ യിസ്രായേലിനെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു കല്ലുകൾ അവിടെ അടക്കം ചെയ്യപ്പെടുകയും, പുതിയ യിസ്രായേലിനെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു കല്ലുകളുടെ മറ്റൊരു കൂട്ടത്തെ നദിയിൽനിന്നും കൊണ്ടുവന്ന് നല്ലദേശത്തു സ്ഥാപിക്കുകയും ചെയ്തു (4:8-9). നമുക്ക് മിസ്രയീമിൽനിന്നു മുറിച്ചുകടക്കേണ്ട ആവശ്യമുണ്ട്. മിസ്രയീമ്യ സൈന്യത്തിൽനിന്നും മിസ്രയീമ്യ ശക്തിയിൽനിന്നും നാം മുറിച്ചുകടക്കേണ്ട ആവശ്യമുണ്ട്. മിസ്രയീമ്യ സൂപ്പർമാർക്കറ്റുകളിൽനിന്നും ആധുനിക പരിഷ്കാരങ്ങളിൽനിന്നും നാം മുറിച്ചുകടക്കേണ്ട ആവശ്യമുണ്ട്. ഒടുവിൽ, നാം നമ്മിൽ നിന്നുതന്നെ മുറിച്ചുകടക്കേണ്ട ആവശ്യമുണ്ട്. നമുക്ക് ചെങ്കടൽ മുറിച്ചുകടക്കുകയും, യോർദ്ദാൻനദി മുറിച്ചുകടക്കുകയും വേണം. അപ്പോൾ നമുക്ക് പണിയപ്പെട്ട ആലയം ഉണ്ടായിരിക്കും.

ചെങ്കടലും യോർദ്ദാൻനദിയും കടന്നുകഴിഞ്ഞാൽ ഇനി കടക്കാൻ നദികളൊന്നുമില്ലെന്ന് ചിന്തിക്കരുത്. ആലയത്തിലേക്കു പ്രവേശിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന ഓരോ സമയത്തും നിങ്ങൾ തൊട്ടി എന്ന നദി മുറിച്ചുകടക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ കണ്ണാടിക്കലും മുറിച്ചു കടക്കേണ്ട ആവശ്യമുണ്ട്. ദിനമ്പ്രതിയും സമയാസമയവും അതിവിശുദ്ധസ്ഥലത്തേക്ക്, ദൈവം വസിക്കുന്നിടമായ ഷക്കീനാ തേജസ്സിന്റെ സാന്നിധ്യത്തിലേക്ക് കടക്കുവാൻ നിങ്ങൾ നദി മുറിച്ചു കടക്കണം. ഇതാണ് തേജസ്സിലേക്ക് കൊണ്ടുവരപ്പെടുക എന്നതിന്റെ അർത്ഥം. എല്ലാ നദികളെയും മുറിച്ചുകടക്കുന്നത് നമ്മെ തേജസ്സിലേക്ക്, ആവിഷ്കരിക്കപ്പെട്ട ദൈവം എന്ന തേജസ്സിലേക്ക് കൊണ്ടുവരുന്നു.

## വിശേഷമായ മാതൃകയായി കർത്താവായ യേശു

ഇതിനായി, ആലയത്തിന്റെ നിർമാണത്തിൽ പരിണമിക്കുന്ന അബ്രാഹാമിന്റെയും അവന്റെ സന്തതിയുടെയും വ്യക്തമായ മുൻകുറി മാത്രമല്ല, കർത്താവായ യേശു എന്ന വിശേഷമായ ഒരു മാതൃകയും നമുക്കുണ്ട്. വഴിയൊരുക്കിയവനും മുൻഗാമിയുമെന്ന നിലയിൽ കർത്താവ് ദൈവത്തിന്റെ തേജസ്സിലേക്ക് നദി മുറിച്ചുകടക്കുകയും പ്രവേശിക്കുകയും ചെയ്ത ഒരു വ്യക്തിയുടെ ദൃഷ്ടാന്തം, മാതൃകയാണ്. അവൻ യോർദ്ദാൻനദി മുറിച്ചുകടക്കുകയും ദിവ്യതേജസ്സിലേക്ക് പൂർണമായി പ്രവേശിക്കുകയും ചെയ്തു. അവൻ

കഷ്ടം സഹിക്കുകയും തേജസ്സിലേക്ക് പ്രവേശിക്കുകയും ചെയ്തു (ലൂക്കൊ. 24:26; 1 പത്രൊ 1:11).

ക്രിസ്തു പ്രവേശിച്ച ഈ തേജസ്സ് എന്താണ്? അത് ദൈവത്തിന്റെ പൂർണ്ണാവിഷ്കാരമാണ്. കർത്താവ് ജഡത്തിൽ ആയിരുന്നപ്പോൾ ദൈവം അവന്റെ ഉള്ളിൽ മറഞ്ഞിരുന്നു. അവന്റെ ഉള്ളിൽ ദിവ്യതേജസ്സിന്റെ വിത്തുണ്ടായിരുന്നു. ജഡരക്തത്തോടുകൂടിയ നസറായനായ യേശുവിൽ, ദൈവത്തിന്റെ ദിവ്യതേജസ്സിന്റെ വിത്തുണ്ടായിരുന്നു. എന്നാൽ ഈ തേജസ്സ്, പുഷ്പച്ചെടിയുടെ വിത്തുനുള്ളിൽ മറഞ്ഞിരിക്കുന്ന അതിന്റെ തേജസ്സെന്നപോലെ, അവന്റെ ഉള്ളിൽ മറഞ്ഞിരിക്കുകയായിരുന്നു. പുഷ്പച്ചെടിയുടെ വിത്ത് ഭൂമിയിലേക്ക് വീഴുകയും, മരിക്കുകയും, വീണ്ടും പുഷ്പിക്കുന്നതുവരെ വളരുകയും ചെയ്യുമ്പോൾ അതിന്റെ വിത്ത് തേജസ്സിലേക്കു കൊണ്ടുവരപ്പെടും. യേശു അങ്ങനെയുള്ള ഒരു വിത്തായിരുന്നു. അവൻ ഭൂമിയിൽ വീഴുകയും, മരിക്കുകയും, വളരുകയും ചെയ്തു (യോഹ. 12:23-24). അവൻ മുകളിലേക്കു വളർന്നതിലൂടെ, അവന്റെ മനുഷ്യത്വവും അവന്റെ മാനുഷിക പ്രകൃതവും ഉൾപ്പെടുന്ന അവന്റെ മുഴുവൻ ആളത്തവും ദൈവത്തിന്റെ തേജോമയമായ ആവിഷ്കാരത്തിലേക്കു കൊണ്ടുവരപ്പെട്ടു. അതായിരുന്നു അവന്റെ തേജസ്സ്. മരണനദി കടന്നുകൊണ്ട് കർത്താവു മരണത്തെ സഹിക്കുകയും, തേജസ്സിലേക്ക്, ദിവ്യ ആളത്തത്തിന്റെ പൂർണ്ണാവിഷ്കാരത്തിലേക്ക്, പ്രവേശിക്കുകയും ചെയ്തു. ആലയ നിർമാണത്തിന്റെ സമയത്ത് അബ്രാഹാമിനാലും അവന്റെ സന്തതികളാലും മുൻകുറിക്കപ്പെട്ടിരുന്നത് കർത്താവായ യേശുവിൽ നിറവേറി. മുപ്പത്തിമൂന്നര വർഷം ഭൂമിയിൽ ജീവിച്ചതിനുശേഷം, കർത്താവ് ഈ മുൻകുറി നിറവേറ്റി. യേശു നദി മുറിച്ചുകടന്നു. അവൻ ആദ്യമായി നദി മുറിച്ചുകടന്നത് തന്റെ സ്നാനത്തിന്റെ സമയത്തായിരുന്നു. അവന്റെ സ്നാനത്തിനുശേഷം മൂന്നര വർഷക്കാലം, അവൻ തുടർച്ചയായി നദികൾ മുറിച്ചുകടക്കുകയായിരുന്നു. ഒടുവിൽ, ക്രൂശിൽവച്ച്, അവൻ മരണ നദി മുറിച്ചുകടന്നു. ആ ആത്യന്തിക നദി മുറിച്ചുകടന്നതിലൂടെ അവൻ തേജസ്സിലേക്കു പ്രവേശിച്ചു. അവൻ പ്രവേശിച്ച തേജസ്സ് ദൈവത്തിന്റെ ദിവ്യ ആളത്തത്തിന്റെ ആവിഷ്കാരത്തിന്റെ യാഥാർഥ്യമാണ്. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ ദൈവത്തിന്റെ മഹത്വകരമായ ആവിഷ്കാരമായിരുന്നു. അതായിരുന്നു അവൻ പ്രവേശിച്ച തേജസ്സ്. അവൻ ആകുന്നു ദൃഷ്ടാന്തം, മാതൃക, കാരണം അവനായിരുന്നു ഒന്നാമനായി തേജസ്സിലേക്കു വഴിയൊരുക്കിയവൻ, വഴിതെളിച്ചവൻ.

## തിരശ്ശീലയ്ക്കുള്ളിൽ

ഈ വഴിയൊരുക്കിയവൻ, ഈ മുൻഗാമി തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചു (എബ്രാ. 6:19-20). എന്താണ് തിരശ്ശീല? ദൈവത്തിന്റെ

ആവിഷ്കാരത്തിൽനിന്നും നമ്മെ വേർതിരിക്കുന്നതാണ് തിരശ്ശീല. ഓരോ നദിയും ദൈവത്തിന്റെ ആവിഷ്കാരത്തിൽനിന്നും നമ്മെ വേർതിരിക്കുന്ന ഒരു തിരശ്ശീലയാണ്. മരണനദിയായ യോർദ്ദാൻ കടന്നുപോയതിലൂടെ, യേശു തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചു. തിരശ്ശീലയ്ക്കുള്ളിൽ അവിടെ ദൈവത്തിന്റെ ആവിഷ്കാരമല്ലാതെ മറ്റൊന്നുമില്ല. അവൻ ഇപ്പോൾ അവിടെ തേജസ്സിലാണ്. തേജസ്സിൽ ഒരു മനുഷ്യനുണ്ട്. ഇത് അർത്ഥമാക്കുന്നത് ദൈവത്തിന്റെ ആവിഷ്കാരത്തിൽ ഒരു മനുഷ്യനുണ്ടെന്നാണ്. അതിലുപരി, ദൈവത്തിന്റെ ആവിഷ്കാരമായ ഒരു മനുഷ്യൻ, ദൈവത്തിന്റെ തേജസ്സായ ഒരു മനുഷ്യൻ ഉണ്ട്.

## നമ്മിൽ തേജസ്സായി ക്രിസ്തു

മാതൃകയും ദൃഷ്ടാന്തവും മുൻഗാമിയും വഴിയൊരുക്കിയവനും നായകനുമായ യേശു എന്ന ഈ അത്ഭുതവാനായ മനുഷ്യൻ ഒരു ദിവസം നമ്മിലേക്കു പ്രവേശിച്ചു. നാം അതിനെക്കുറിച്ച് ബോധമില്ലാത്തവരായിരിക്കാം, എന്നാൽ അവൻ നമ്മിലേക്കു പ്രവേശിച്ചു. യേശു നമ്മിലേക്കു പ്രവേശിച്ചുവെന്ന് നമുക്കറിയാമെങ്കിലും, അവൻ ഏതുതരം യേശുവാണെന്ന് ഒരുപക്ഷേ നമുക്കറിയില്ല, കാരണം മിക്ക വിശ്വാസികളും താഴ്ന്ന നിലവാരത്തിലുള്ള സുവിശേഷപ്രസംഗത്തിനനുസരിച്ചാണ് അവനെ മനസ്സിലാക്കുന്നത്. നമ്മിലേക്കു വന്ന ഈ യേശു ആരാണ്? അവൻ രക്ഷകൻ മാത്രമല്ല, അവൻ തേജസ്സിലേക്കുള്ള ഓട്ടം ഓടുന്നതിന് നേതൃത്വമെടുത്തവനും, ദൈവത്തിന്റെ പൂർണ്ണാവിഷ്കാരത്തിലേക്കു പ്രവേശിച്ചവനുമാണ്, ഇന്നും അവൻ തന്നെയാണ് ദൈവത്തിന്റെ ഈ പൂർണ്ണാവിഷ്കാരം. ദൈവത്തിന്റെ ആവിഷ്കാരമായ, ദൈവതേജസ്സിന്റെ പ്രഭയായ (എബ്രാ 1:3) ഈ യേശുവാണ്, നമ്മിലേക്കു വന്നിരിക്കുന്ന യേശു. അതുകൊണ്ട്, കൊലൊസ്സ്യർ 1:27, "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ" എന്ന് പറയുന്നു. പണ്ട്, ഒരുപക്ഷേ നമുക്ക് അങ്ങേയറ്റം പറയുവാൻ കഴിഞ്ഞിരുന്നത് ക്രിസ്തു നമ്മിൽ നിത്യജീവനായിരുന്നു എന്നാണ്. നമുക്ക് കൊലൊസ്സ്യർ 1:27 ഇല്ലായിരുന്നുവെങ്കിൽ, നമ്മിലുള്ള യേശു തേജസ്സിന്റെ പ്രത്യാശയാണെന്ന് നാം ഒരിക്കലും ചിന്തിക്കുമായിരുന്നില്ല. നമ്മുടെ തേജസ്സിന്റെ പ്രത്യാശ ക്രിസ്തു തന്നെയാണ്.

ഈ തേജസ്സ് നമ്മിൽനിന്ന് ഇനിയും പുറത്തുവന്നിട്ടില്ലാത്തതിനാൽ, അത് ഇപ്പോഴും നമുക്ക് ഒരു പ്രത്യാശയാണ്. ഒരിക്കൽ നിങ്ങൾ ഒരു പുഷ്പച്ചെടിയുടെ വിത്ത് ഭൂമിയിലേക്ക് വിതെച്ചാൽ, അതു പുഷ്പിക്കുന്നതിന്റെ പ്രത്യാശ നിങ്ങൾക്കുണ്ട്. അതു പുഷ്പിക്കുന്നത് നിങ്ങൾക്ക് ഇപ്പോൾ കാണുവാൻ കഴിയില്ലെങ്കിലും, അതു പുഷ്പിക്കുവാൻ പോകുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നു. നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവാണ് തേജസ്സിന്റെ

പ്രത്യാശ. തേജസ്സിന്റെ വിത്ത് നമ്മിൽ വിതെച്ചിരിക്കുന്നതിനാൽ, അതു പുഷ്ടിക്കുന്നതു കാണുവാൻ നാമെല്ലാവരും പ്രത്യാശിക്കുന്നു.

ഒരു വശത്ത്, ഈ അത്ഭുതവാൻ ദൈവത്തിന്റെ ആവിഷ്കാരത്തിലും ദൈവത്തിന്റെ ആവിഷ്കാരമായും വസിച്ചുകൊണ്ട് തിരശ്ശീലയ്ക്കുള്ളിലാണ്. മറുവശത്ത്, അവൻ നമ്മിലേക്കു വന്നിരിക്കുന്നു. "ക്രിസ്തു തിരശ്ശീലയ്ക്കുള്ളിലായിരുന്നു, ഇപ്പോൾ അവൻ എന്നിലേക്കു വന്നിരിക്കുന്നു. അവൻ എന്നിൽ ഉള്ളതിനാൽ ഇനി അവൻ അവിടെ ഉണ്ടായിരിക്കയില്ല" എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കൊച്ചു മനസ്സിൽ ഇതു മനസ്സിലാക്കാൻ നാം ശ്രമിക്കരുത്. അതു നമ്മുടെ സ്വാഭാവിക ചിന്തയാണ്. നമ്മുടെ ചെറിയ മനസ്സിൽ നാം തങ്ങരുത് — നാം നദി മുറിച്ചുകടക്കണം. ക്രിസ്തുവിന് ഒരേ സമയം അവിടെ തിരശ്ശീലയ്ക്കുള്ളിലും ഇവിടെ നമ്മുടെ ഉള്ളിലും എങ്ങനെ ആയിരിക്കുവാൻ കഴിയുമെന്ന് ഉദാഹരിക്കുന്നതിന് വൈദ്യുതിയുടെ ഉദാഹരണം നമുക്കുപയോഗിക്കാം. വൈദ്യുതിനിലയത്തിലും നമ്മുടെ മുറിയിലും വൈദ്യുതി ഉണ്ട്. മുറിയിലേക്ക് വൈദ്യുതി വരുമ്പോൾ അത് വൈദ്യുതിനിലയത്തെ വിട്ടുപോകുന്നില്ല. അതുപോലെ, ഒരു വശത്ത്, ക്രിസ്തു അവിടെ തിരശ്ശീലയ്ക്കുള്ളിലും, മറുവശത്ത്, അവൻ നമ്മുടെ ഉള്ളിലും ഉണ്ട്. നമ്മിലേക്ക് വരുന്നതിനായി അവന് തേജസ്സ് ഉപേക്ഷിക്കേണ്ടതില്ല. അവൻ തിരശ്ശീലയ്ക്കുള്ളിലും നമ്മുടെ ഉള്ളിലും ആയിരിക്കുമ്പോൾ, അവൻ അവിടെ നിന്നും ഇവിടേക്ക് ശുശ്രൂഷ ചെയ്യുന്നു. ദിവ്യ ആളത്തത്തിന്റെ പൂർണവും മഹത്വകരവുമായ ആവിഷ്കാരമായ തേജസ്സിലേക്കു പ്രവേശിച്ചുകൊണ്ട് അവൻ വഴിയൊരുക്കിയവനായ, മുൻഗാമിയായി തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചു. ഇപ്പോൾ നമ്മുടെ രക്ഷാനായകനെന്ന നിലയിൽ അവൻ തേജസ്സിലാണ്. ഒരു ദിവസം ഈ രക്ഷാനായകൻ നമ്മിലേക്കു വന്നു. എന്നാൽ നമ്മിലേക്കുള്ള അവന്റെ വരവിൽ അവൻ ഒരിക്കലും തേജസ്സിനെ ഉപേക്ഷിച്ചില്ല. മറിച്ച്, അവൻ നമ്മിലേക്ക് തേജസ്സിനെ കൊണ്ടുവന്നു. ഇത് അത്ഭുതകരമാണ്. രക്ഷാനായകൻ നമ്മിലേക്കു വന്നപ്പോൾ തേജസ്സ് അവനോടൊപ്പം വന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, രക്ഷാനായകൻ തേജസ്സായിരിക്കുവാൻ നമ്മിലേക്കു വന്നു. ഏറ്റവും കുറഞ്ഞത്, തേജസ്സിന്റെ വിത്തായിരിക്കുവാൻ അവൻ വന്നു. ഇപ്പോൾ നമുക്കെല്ലാവർക്കും തേജസ്സിന്റെ ഈ വിത്ത്, അതായത്, രക്ഷാനായകൻ തന്നെ നമ്മുടെ ഉള്ളിൽ ഉണ്ട്. എന്തുകൊണ്ടാണ് അവനെ നായകൻ എന്നു വിളിക്കുന്നത്? എന്തുകൊണ്ടെന്നാൽ തേജസ്സിലേക്കുള്ള വഴിയൊരുക്കുവാൻ അവൻ നേതൃത്വമെടുത്തു. തേജസ്സിലേക്ക് ആദ്യമായി പ്രവേശിച്ചത് അവനായിരുന്നതിനാൽ, നമ്മുടെ മുൻഗാമിയെന്ന നിലയിൽ, നമ്മുടെ നായകനായിരിക്കുവാൻ അവൻ പൂർണമായി യോഗ്യത നേടിയിരിക്കുന്നു.

കഷ്ടങ്ങളാൽ യേശു തികഞ്ഞവനാക്കപ്പെടുന്ന വിഷയത്തെ മനസ്സിലാക്കുവാൻ ഇപ്പോൾ നാം ഒരുക്കമുള്ളവരായിരിക്കുന്നു (2:10). അവന്റെ കഷ്ടങ്ങൾ അവനെ നായകനാകുവാൻ യോഗ്യനാക്കിയത് എങ്ങനെയാണ്? കാരണം, കഷ്ടങ്ങളിലൂടെ കടന്നുപോകാതെ അവന് തേജസ്സിലായിരിക്കുവാനും, അവൻ തേജസ്സിലല്ലെങ്കിൽ, അവന് തികഞ്ഞവനോ യോഗ്യതയുള്ളവനോ ആയിരിക്കുവാനും കഴിയുമായിരുന്നില്ല. എന്നാൽ കഷ്ടങ്ങളിലൂടെ കടന്നുപോയതു മുഖാന്തരം അവൻ തേജസ്സിലേക്കു പ്രവേശിച്ചു. ഇപ്പോൾ നായകന്റെ ഉദ്യോഗസ്ഥാനം നിവർത്തിക്കുവാൻ അവൻ പൂർണമായി യോഗ്യനും, പൂർണമായി തികഞ്ഞവനും ആകുന്നു. അതുകൊണ്ട്, നായകനായും തേജസ്സായും നമ്മിലേക്കു വരുവാൻ അവനു കഴിയും.

ഈ നിമിഷം തന്നെ, അവൻ അവിടെനിന്നും ഇവിടേക്ക് ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. ഈ രീതിയിൽ അവൻ നമ്മെ ശുശ്രൂഷിക്കുമ്പോൾ, അവൻ നായകൻ മാത്രമല്ല, മഹാപുരോഹിതനും ആണ്. അവൻ അപ്പവും വീഞ്ഞുമായി അവനെത്തന്നെ നമുക്കു ശ്രൂഷിക്കുന്ന മഹാപുരോഹിതനാണ്. കർത്താവ് അവനെത്തന്നെ നിരന്തരം നമുക്ക് കൃപയായി ശുശ്രൂഷിക്കുന്നു. സകല കൃപയുടെയും ദൈവത്തെക്കുറിച്ച് 1 പത്രൊസ് 5:10 സംസാരിക്കുന്നു. ജഡത്തിലുള്ള ഒരു ശൂലം നിമിത്തം പൗലൊസ് കഷ്ടമനുഭവിച്ചപ്പോൾ അതിനെ നീക്കേണ്ടതിന് അവൻ മൂന്നു പ്രാവശ്യം കർത്താവിനോട് ആവശ്യപ്പെട്ടു (2 കൊരി. 12:7-8). "എന്റെ കൃപ നിനക്കു മതി" എന്ന് കർത്താവ് പൗലൊസിന് മറുപടി കൊടുത്തു. കർത്താവു പൗലൊസിനോട്, "ശൂലത്തെ എടുത്തുകളയുവാൻ മാത്രം ഞാൻ അത്ര മൂഢത്തം കാണിക്കുകയില്ല പകരം, എന്റെ മതിയായ കൃപ നിനക്കു നൽകും. ഞാൻ എന്നെത്തന്നെ സഹായമായും, കൃപയായും, അപ്പവും വീഞ്ഞുമായും നിനക്കു ശുശ്രൂഷ ചെയ്യും, കഷ്ടങ്ങളിലൂടെ നീ കടന്നുപോകുമ്പോൾ അതു നിന്നെ നിലനിർത്തുകയും സഹായിക്കുകയും ചെയ്യും. ഈ കഷ്ടങ്ങൾ നിന്നിൽ തേജസ്സിനെ ഉളവാക്കും" എന്നു പറഞ്ഞതായി തോന്നുന്നു.

## നിത്യമായ ഘന തേജസ്സ്

കഷ്ടങ്ങൾ നമ്മെ തേജസ്സിലേക്കു കൊണ്ടുവരാൻ സഹായിക്കുന്നുവെന്ന് പൗലൊസ് അറിഞ്ഞിരുന്നു. അതിനാൽ അവന് ഇങ്ങനെ പറയാൻ കഴിഞ്ഞു: "അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടു പോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചു പോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി അതിയായി കവിയുന്ന, നിത്യമായ

ഘന തേജസ്സ് പുറപ്പെടുവിക്കുന്നു" (2 കൊരി. 4:16-17, യവനഭാഷ) 2 കൊരിന്ത്യർ 4:17-ലെ "ക്ഷണികമായ ലഘു ക്ലേശത്തെ" "അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ്"നോട് പൗലൊസ് താരതമ്യപ്പെടുത്തി. നിത്യമായ ഘന തേജസ്സ് ഇപ്പോഴത്തെ ലഘു ക്ലേശത്തെ കവിയുന്നുവെന്ന് അവൻ പറയുകയായിരുന്നു. ഇവിടെ നാം മൂന്നു താരതമ്യങ്ങളെ കാണുന്നു: ക്ലേശത്തെ തേജസ്സുമായി, ലഘുവിനെ ഘനവുമായി, ഇപ്പോഴുള്ളതിനെ നിത്യവുമായി. നാം കടന്നുപോകുന്ന ഏതു കഷ്ടവും ലഘുവാണ്. കഷ്ടതയുടെ ഇപ്പോഴത്തെ ലഘുത്വത്തെ തേജസ്സിന്റെ നിത്യഘനവുമായി താരതമ്യം ചെയ്യുവാൻ കഴിയുകയില്ല. നിങ്ങളുടെ കഷ്ടങ്ങളാൽ വിഷമിച്ചിരിക്കരുത്. പകരം, നിങ്ങൾ സാത്താനോടു പറയണം, "സാത്താനേ, ഞാൻ കടന്നുപോകുന്ന കഷ്ടങ്ങൾ എന്തായാലും, ഞാൻ സന്തുഷ്ടനാണ്. ഇത് ഘനമുള്ളതല്ല: ഇത് ലഘുവാണ്." സഹോദരീ സഹോദരന്മാരേ, നിങ്ങൾ ഒരു വലിയ ഭാരത്തിൻ കീഴിലാണെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? പല സഹോദരിമാരും എന്റെ അടുത്തുവന്ന് എന്നോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്, "സഹോദരാ, എന്റെ സാഹചര്യം എത്ര കഠിനവും ഭാരവുമുള്ളതുമാണെന്ന് നിനക്കറിയില്ല. എന്റെമേൽ എന്തുമാത്രം ഭാരമുണ്ടെന്ന് നിനക്കറിയില്ല." സഹോദരിമാരേ, ഇങ്ങനെ പറയുന്നതു തെറ്റാണ്. നിങ്ങളുടെ കഷ്ടം ഘനമുള്ളതല്ല: അത് ലഘുവാണ്. യഥാർഥ ഘനം തേജസ്സാണ്. നമ്മുടെ എല്ലാ കഷ്ടങ്ങളും ലഘുവാണ്, ഇപ്പോഴത്തെ ലഘുവായ കഷ്ടം നിത്യമായ ഘന തേജസ്സിനെ നമുക്കുവേണ്ടി പ്രവർത്തിക്കുന്നു.

"എന്താണു തേജസ്സ്?" എന്നു നാം വീണ്ടും ചോദിക്കേണ്ടതാവശ്യമാണ്. തേജസ്സെന്നത് ദൈവത്തിന്റെ ആവിഷ്കാരമാണ്. ദൈവാവിഷ്കാരം ഉണ്ടായിരിക്കുവാൻ നിത്യതയ്ക്കുവേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. ഇന്നും, വിശുദ്ധന്മാർ ലഘുവായ കഷ്ടം അനുഭവിച്ചതിനുശേഷം, അവരിൽ നമുക്ക് തേജസ്സ് കാണുവാൻ കഴിയും. ഇതുപോലെയുള്ള നിരവധി പ്രിയപ്പെട്ട വിശുദ്ധരെ ഞാൻ കണ്ടിട്ടുണ്ടെന്ന് എനിക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും. അവർ കഷ്ടങ്ങളിലൂടെ കടന്നുപോകുകയും, ഒടുവിൽ ദൈവാവിഷ്കാരം അവരിൽനിന്നും പുറത്തുവരികയും ചെയ്തിരിക്കുന്നു. അവർ എത്രത്തോളം കഷ്ടം സഹിക്കുന്നുവോ, അത്രത്തോളം അവർ ദൈവാവിഷ്കാരത്തിലേക്ക് കൊണ്ടുവരപ്പെടുന്നു. ഭാവിയിൽ മാത്രമല്ല, ഇപ്പോൾപോലും, കഷ്ടങ്ങൾ നമ്മെ ദൈവാവിഷ്കാരത്തിലേക്ക് കൊണ്ടുവരുന്നു. ഇതാണ് ഘന തേജസ്സ്.

## പുറമെനിന്നും അകമെനിന്നുമുള്ള ക്രിസ്തുവിന്റെ വരവ്

റോമർ 8:30 പറയുന്നു, "അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു." നമ്മെ തേജസ്സിലേക്കു വയ്ക്കുന്നു

എന്ന് ഇത് അർഥമാക്കുന്നില്ല. നമ്മെ തേജസ്സിലേക്കു വയ്ക്കുന്നത് ഒരു കാര്യവും നമ്മെ തേജസ്കരിക്കുന്നത് മറ്റൊരു കാര്യവും ആണ്. പിന്നീട് 2 തെസ്സലൊനീക്യർ 1:9 പറയുന്നു, "അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടുവാനും വരുമ്പോൾ." ഒരു ദിവസം, ഉചിതമായ സമയത്ത്, നമ്മിൽ തേജസ്കരിക്കപ്പെടുവാൻ ക്രിസ്തു വരും. ഇത് അർഥമാക്കുന്നത് അവൻ നമ്മിൽനിന്ന് പുറത്തു വരും എന്നാണ്. നിങ്ങൾക്ക് വേദപുസ്തകം അറിയാമെങ്കിൽ, ഒരു വശത്ത്, ക്രിസ്തു പുറമെനിന്നാണു വരുന്നതെന്നും, മറുവശത്ത്, അവൻ നമ്മുടെ ഉള്ളിൽ നിന്നാണു വരുന്നതെന്നും നിങ്ങൾ മനസ്സിലാക്കും. അവൻ തേജസ്സിന്റെ വിത്തായി നമ്മിലേക്കു വിതയ്ക്കപ്പെട്ടിരിക്കുന്നു. പുഷ്പിക്കുന്ന ഘട്ടം എത്തുവോളം ഈ വിത്തു വളരും. അപ്പോൾ തേജസ്സ് പുറത്തുവരും. കർത്താവിന്റെ അക്ഷരാർഥത്തിലുള്ള രണ്ടാം വരവിൽ ഞാൻ വിശ്വസിക്കുന്നു. എന്നാൽ വേദപുസ്തകത്തിൽ അവന്റെ വരവിന്റെ ആശയം അത്ര ആഴമുള്ളതല്ല. എന്തുകൊണ്ടാണ് കർത്താവ് ഇനിയും വരാത്തത്? മുകളിൽനിന്നും ഇറങ്ങിവരുന്നത് അവനു വളരെ എളുപ്പമാണ്. അവന് ഏതു സമയത്തും അതു ചെയ്യുവാൻ കഴിയും. എന്നാൽ നമ്മിൽനിന്നും പുറത്തുവരുന്നത് അവന് എളുപ്പമല്ല. ഏതു സമയത്തു വേണമെങ്കിലും അവന് മുകളിൽനിന്നും ഇറങ്ങിവരുവാൻ കഴിയുമെങ്കിലും, അവന് ഉള്ളിൽനിന്ന് പുറത്തുവരുവാൻ കഴിയുന്ന ജനം എവിടെയാണ്? നമ്മുടെമേൽ പ്രകാശിക്കുവാൻ അവനു വളരെ എളുപ്പമാണ്, എന്നാൽ നമ്മിൽ തേജസ്കരിക്കപ്പെടുവാൻ അവനു പ്രയാസമാണ്. നമ്മെ തേജസ്സിലേക്കു വയ്ക്കുവാൻ അവന് എളുപ്പമാണ്, എന്നാൽ നമ്മെ തേജസ്കരിക്കുന്നത് എളുപ്പമല്ല. ഉദാഹരണത്തിന്, ഒരു വ്യക്തിക്ക് വിളറിയ നിറമാണുള്ളതെങ്കിൽ, പുറമെ ചില നിറങ്ങൾ ചേർക്കുന്നതിലൂടെ അതിനു നിറംകൊടുക്കുവാൻ എളുപ്പമാണ്. എന്നാൽ അവന്റെ വിളറിയ നിറം ആന്തരികമായി രൂപാന്തരപ്പെട്ട് ഇളംചുവപ്പു നിറമാകേണ്ടതിന് വളർച്ചയ്ക്കുള്ള സമയം ആവശ്യമാണ്. ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്കു നയിക്കുന്നുവെന്ന് വേദപുസ്തകം പറയുന്നു, എന്നാൽ അവൻ നമ്മെ തേജസ്കരിക്കുമെന്നും അതു പറയുന്നുണ്ട്. നമ്മെ തേജസ്കരിക്കുകയെന്നാൽ നമ്മിലേക്കു വിതയ്ക്കപ്പെട്ട തേജസ്സ് നമ്മുടെ മുഴുവൻ ആളത്തത്തെയും സാന്ദ്രീകരിക്കുക എന്നാണർഥമാക്കുന്നത്. നമ്മുടെ മുഴുവൻ ആളത്തവും തേജസ്സിന്റെ മൂലകംകൊണ്ട് അഭിവ്യാപിക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ, ആ തേജസ്സ് നമ്മിൽനിന്നു പുറത്തുവരും. നമ്മെ തേജസ്കരിക്കുക എന്നതിന്റെ അർഥം ഇതാണ്. ഈ തേജസ്കരണം നാം അനുഭവിക്കുമ്പോൾ, നാം ദൈവത്തിന്റെ ആവിഷ്കാരത്തിലായിരിക്കും. ആ സമയത്ത്നാം പൂർണമായും മറുകരയിൽ, പൂർണമായി ദൈവാവിഷ്കാരത്തിൽ ആയിരിക്കും. ഇതാണ് നമ്മുടെ തേജസ്സ്.

തേജസ്സിലേക്കു പ്രവേശിക്കുകയെന്നതിന്റെ അർഥമെന്താണെന്നും ദൈവം നമ്മെ തേജസ്സിലേക്കു നയിക്കുന്നു എന്നതിന്റെ അർഥമെന്താണെന്നും ഇപ്പോൾ നാം മനസ്സിലാക്കുന്നു. നാം നദി മുറിച്ചുകടക്കുന്നതിനായി കർത്താവിന് സ്തോത്രം! നാം ഇപ്പോഴും നദി മുറിച്ചുകടക്കുകയാണ് — നമ്മുടെ പഴയ ക്രിസ്തുമതത്തിൽനിന്നും പുതിയ സഭാജീവിതത്തിലേക്ക് നദി മുറിച്ചുകടക്കുന്നു, പഴയ സ്വയത്തിൽനിന്നും പുതിയ ആത്മാവിലേക്ക് നദി മുറിച്ചുകടക്കുന്നു, ദൈവമല്ലാത്തതായ സകല കാര്യങ്ങളിൽനിന്നും ദൈവാവിഷ്കാരത്തിലേക്ക് നദി മുറിച്ചുകടക്കുന്നു. ഓരോ ദിവസവും നാം യഥാർഥമായി നദി മുറിച്ചുകടക്കുന്നവരാണ്. ദിനംപ്രതി നാം നദി മുറിച്ചുകടന്നു കൊണ്ടിരിക്കുന്നു. നമ്മുടെ നായകൻ സകല നദികളെയും കടന്നുപോയവനാണ്. അവൻ വഴിയൊരുക്കിയിരിക്കുന്നു, ഇപ്പോൾ അവൻ നമ്മെ തേജസ്സിലേക്കു നയിക്കുന്ന, വഴിയൊരുക്കുന്നവനും മുൻഗാമിയും നായകകനുമാണ്. ഇതിനുവേണ്ടി, അവൻ നായകനായും തേജസ്സിന്റെ വിത്തായും നമ്മിലേക്കു വന്നിരിക്കുന്നു. ഇപ്പോൾപോലും നമ്മെ നിലനിർത്തുവാനും താങ്ങുവാനുമായി അവനെത്തന്നെ അപ്പവും വീഞ്ഞുമായി നമ്മിലേക്കു ശുശ്രൂഷിച്ചുകൊണ്ട്, ദൈവത്തിന്റെ തേജസ്സിൽനിന്നും നമ്മെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് രക്ഷാനായകൻ. നാം തേജസ്സിലേക്കു പൊയ്ക്കൊണ്ടിരിക്കുമ്പോൾ തേജസ്സ് നമ്മുടെ ഉള്ളിലുണ്ട്. അവനെ സ്തുതിക്കാം!